**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**21.07.2015-ൽ മറുപടിക്ക്**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നം.4177**

## കൃഷി ഡയറക്ടറേറ്റിലെ ഒഴിവുകൾ

**ചോദ്യം**

ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ

**മറുപടി**

ശ്രീ.കെ.പി.മോഹനൻ
(കൃഷിയും, മൃഗസംരക്ഷണവും, അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി)

(എ) കൃഷി ഡയറക്ടറേറ്റിലെ എൽ.ഡി.സി, എൽ.ജി.എസ്, എൽ.ഡി.ടൈപ്പിസ്റ്റ് എന്നീ തസ്തികകളിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ട് എന്ന് അറിയിക്കുമോ; ഈ ഒഴിവുകൾ എല്ലാം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുകയുണ്ടായോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തസ്തികകളിൽ ഒഴിവുകൾ ഇനിയും റിപ്പോർട്ട് ചെയ്യാത്ത തസ്തികകൾ ഏതൊക്കെയാണെന്നും എന്നത്തേക്ക് പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്യാൻ കഴിയുമെന്നും അറിയിക്കുമോ?

(എ) & (ബി) കൃഷി ഡയറക്ടറേറ്റിൽ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തവ ഒഴികെയുള്ള ഒഴിവുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. എൽ.ഡി.ക്ലാർക്ക് - 8
2. എൽ.ഡി.ടൈപ്പിസ്റ്റ് - 1
3. എൽ.ജി.എസ്. - 1

ഇവയിൽ എൽ.ജി.എസിന്റെ ഒഴിവ് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ആശ്രിത നിയമനം, അന്തർജില്ലാ സ്ഥലം മാറ്റം, താഴ്ന്ന തസ്തികകളിലുള്ള ജീവനക്കാരുടെ സ്ഥാനക്കയറ്റം തുടങ്ങിയവ മുഖേന നികത്തേണ്ടവയാകയാൽ എൽ.ഡി. ക്ലാർക്ക്, എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളിലെ മേൽ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ കഴിയുന്നവയല്ല.

സെക്ഷൻ ഓഫീസർ